പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1749 21/01/2014- ൽ മറുപടിക്ക്

**വൈക്കം താലൂക്കിൽ കുളമ്പുരോഗം മൂലം മരണപ്പെട്ട കന്നുകാലികളുടെ വിവരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ)വൈക്കം താലൂക്കിൽ കുളമ്പുരോഗം മൂലം എത്ര മൃഗങ്ങൾ മരണപ്പെട്ടു എന്നത് ഇനം തിരിച്ച് വ്യക്തമാക്കുമോ; | എ) വൈക്കം താലൂക്കിൽ കുളമ്പുരോഗം മൂലം 2014 ജനുവരി 15 വരെ 50 പശുക്കൾ, 112 കന്നുകുട്ടികൾ,34 കിടാരികൾ, 3 എരുമകൾ, 4 ആടുകൾ (ആകെ 203 ഉരുക്കൾ) മരണപ്പെട്ടിട്ടുണ്ട്. |
| ബി)കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോ; | ബി) ലഭ്യമാക്കിയിട്ടുണ്ട്. |
| സി) കുളമ്പുരോഗത്താൽ മരണപ്പെടുന്ന മൃഗങ്ങളുടെ ഉടമസ്ഥർക്കുള്ള നഷ്ട പരിഹാരം നൽകുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ; | സി) കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾക്ക് 20,000/- രൂപ വീതവും, കിടാരികൾക്ക് 12,000/- രൂപ വീതവും, കന്നുകുട്ടികൾക്ക് 7,000/-രൂപ വീതവും നഷ്ടപരിഹാരം നൽകിവരുന്നു. |

| | |
|---|---|
| ഡി) നഷ്ടപരിഹാരം ലഭിക്കുന്നതിന് വെറ്ററിനറി ഡോക്ടറുടെ റിപ്പോർട്ടാണോ മാനദണ്ഡമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | ഡി) 1) ഉരു മരണപ്പെട്ട ദിവസം തന്നെ പഞ്ചായത്തിലെ വെറ്ററിനറി സർജൻ ആ വിവരം ജില്ലാ എ.ഡി.സി.പി ആഫീസിൽ അറിയിക്കണം.<br>2) മരണമടഞ്ഞ ഉരുവിന്റെ ഫോട്ടോയും, പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ടും ആവശ്യമാണ്. ഡിസംബർ 4 ന് ശേഷം മരണം റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഉടമസ്ഥൻ, മരണമടഞ്ഞ പശുവിന്റെ അടുത്ത് നിൽക്കുന്ന ഫോട്ടോയും സ്ഥലത്തെ വെറ്ററിനറി സർജന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ടും ആവശ്യമാണ്. |
| ഇ) വൈക്കം താലൂക്കിൽ മരണപ്പെട്ട മൃഗങ്ങളുടെ ഉടമസ്ഥർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ? | ഇ) വൈക്കം താലൂക്കിൽ മരണപ്പെട്ട മൃഗങ്ങളുടെ ഉടമസ്ഥർക്ക് 1,20,000/- രൂപ നൽകിക്കഴിഞ്ഞു. നഷ്ടപരിഹാരം നൽകുന്നത് തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ